5928228/2023

"ഭരണഭാഷ- മാതൃഭാഷ"

വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ:സുഭാഷ് ടി വി ഐ.എ.എസ്)

നമ്പർ.ഇ1/122/2023/ഐ&പി.ആർ.ഡി. തിരുവനന്തപുരം (30-10-2023)

വിഷയം:- വിവര പൊതുജന സമ്പർക്ക വകുപ്പ്- "കേരളീയം-2023" പരിപാടി കൂടുതൽ ജനകീയമാക്കുന്നതിനും പദ്ധതി സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും ഔട്ട് ബൗണ്ട് ഡയലിംഗ് സർവീസ് (ഒ.ബി.ഡി.) മുഖാന്തിരം സന്ദേശം എത്തിക്കുന്നതിന് ബി.എസ്.എൻ.എൽ.ന് അനുമതി നൽകി- ഉത്തരവാകുന്നു

സൂചന: - 1. 13.10.2023 ലെ സ.ഉ.(കൈ) നം.153/2023/ധന
2.16.10.2023 ലെ സി1/185/2023 ഐ&പി.ആർ.ഡി നമ്പർ നടപടി തീർപ്പ്
3.16.10.2023 ലെ ബി.എസ്.എൻ.എൽ. ന്റെ JTO EBTPK/Proposal/2023-24/6 നമ്പർ പ്രൊപ്പോസലും 19.10.2023-ലെ ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) യുടെ കുറിപ്പും

<u>ഉത്തരവ്</u>

"കേരളീയം 2023" ന്റെ ഭാഗമായി സാമ്പത്തിക അനുമതി നൽകിയും വിവിധ കമ്മിറ്റികളുടെ ബജറ്റ് അംഗീകരിച്ചും ധനവിനിയോഗ മാർഗനിർദ്ദേശങ്ങൾ വ്യക്തമാക്കിയും സൂചന (1) പ്രകാരം ഉത്തരവായിട്ടുണ്ട്. "കേരളീയം 2023" ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട സോഷ്യൽ മീഡിയ പുഷിങ് പ്രൊമോഷൻ ഇനത്തിൽ ഡിജിറ്റൽ മാർക്കറ്റിംഗ് എന്ന ഇനത്തിനായി 15,00,000/- രൂപ വിനിയോഗിക്കുന്നതിനു സൂചന (2) പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

2. "കേരളീയം-2023" പരിപാടി കൂടുതൽ ജനകീയമാക്കുന്നതിനും പദ്ധതി സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ്(ബി.എസ്.എൻ.എൽ.), ബി.എസ്.എൻ.എൽ. സിഗ്നേച്ചർ ട്യൂൺ, ഔട്ട് ബൗണ്ട് ഡയലിംഗ് സർവീസ് എന്നി രണ്ടു വിഭാഗങ്ങളിൽ വോയിസ് മെസ്സേജ് ക്യാമ്പയിൻ നടത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചതായും ആയതിൽ ഒരു കാളിനു 30 പൈസ (ജി.എസ്.ടി. ഒഴികെ) യുടെ ഔട്ട് ബൗണ്ട് ഡയലിംഗ് സർവീസ്(ഒ.ബി.ഡി.) പ്രൊപ്പോസൽ ക്യാമ്പയിനു പരിഗണിക്കാവുന്നതാണെന്നും സംസ്ഥാനത്തെ ബി.എസ്.എൻ.എൽ. വരിക്കാർക്ക് നേരിട്ട് കാൾ ആയി ഈ റെക്കോർഡഡ് സന്ദേശം ലഭ്യമാകുമെന്നും സംസ്ഥാനത്തെ 55 ലക്ഷത്തിലധികം വരിക്കാരുടെ ശൃംഖലയിലേക്കു സന്ദേശം എത്തിക്കാനാകുമെന്നും പ്രൊപ്പോസലിൽ സൂചിപ്പിച്ചിട്ടുണ്ടെന്നും അറ്റൻഡ് ചെയ്യുന്ന കോളുകൾക്ക് മാത്രം തുക നൽകാവുന്നതാണെന്നും സൂചന (3) പ്രകാരം ഇൻഫർമേഷൻ ഓഫീസർ (വെബ്&ന്യൂ മീഡിയ) അറിയിച്ചിട്ടുണ്ട്.

5928228/2023

3. ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ "കേരളീയം-2023" കൂടുതൽ ജനകീയമാക്കുന്നതിനും പദ്ധതി സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് (ബി.എസ്.എൻ.എൽ.) മുഖേന സംസ്ഥാനത്തെ 55 ലക്ഷത്തിലധികം വരിക്കാരുടെ ശൃംഖലയിലേക്കു സന്ദേശം എത്തിക്കുന്നതിലേക്കായി അറ്റൻഡ് ചെയ്യുന്ന കോളുകൾക്ക് ഒരു കാളിനു 30 സെക്കന്റിനു 30 പൈസ (ജി.എസ്.ടി. ഒഴികെ) നിരക്കിൽ ഔട്ട് ബൗണ്ട് ഡയലിംഗ് സർവീസ്(ഒ.ബി.ഡി.) മുഖാന്തിരം നടപ്പിലാക്കുന്നതിനു ബി.എസ്.എൻ.എൽ.നു അനുമതി നൽകി ഉത്തരവാകുന്നു. ഇൻവോയ്സും മറ്റു അനുബന്ധ രേഖകളും സമർപ്പിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്.

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ

ജൂനിയർ ടെലികോം ഓഫീസർ (എന്റർപ്രൈസ് ബിസിനസ് ), ഓഫീസ് ഓഫ് പ്രിൻസിപ്പൽ ജനറൽ മാനേജർ, ബി.എസ്.എൻ.എൽ. ഭവൻ, ഉപ്പളം റോഡ്, തിരുവനന്തപുരം-695 001.
അഡീഷണൽ ഡയറക്ടർ (ഇഎംഡി)
ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.